# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *655 | 03.04.2018 -ന് മറുപടിയ്ക്ക്

## പിന്നാക്ക സമുദായങ്ങൾക്കായുള്ള വിവിധ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. അനൂപ് ജേക്കബ് :**<br>**ശ്രീ.കെ.എസ്.ശബരീനാഥൻ :**<br>**ശ്രീ. എം. വിൻസെന്റ് :**<br>**ശ്രീ. വി. ടി. ബൽറാം :** | **ശ്രീ. എ. കെ. ബാലൻ**<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) പിന്നാക്ക സമുദായങ്ങൾക്കായുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിൽ വകുപ്പിന്റെ ഭാഗത്ത് നിന്നും അനാസ്ഥ ഉണ്ടാകുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ എന്നിവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; ഈ സർക്കാർ നിലവിൽ വന്ന ശേഷം പ്രസ്തുത കോർപ്പറേഷനുകൾ എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ; | (ബി) വകുപ്പുതലത്തിലും കോർപ്പറേഷൻ തലത്തിലും അവലോകന യോഗങ്ങൾ നടത്തി വിലയിരുത്താറുണ്ട്. കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ പുതിയ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. എന്നാൽ നിലവിൽ നൽകികൊണ്ടിരിക്കുന്ന വായ്പ തുകയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ 3 പുതിയ വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ആരംഭിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>i). പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട് അപ് സംരംഭം ആരംഭിക്കുന്നതിന് വേണ്ടി പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ സഹകരണത്തോടെ പരമാവധി 2 ലക്ഷം രൂപ വരെ മൂലധന സബ്സിഡി ലഭ്യമാക്കുന്ന വായ്പാ പദ്ധതി. പരമാവധി 20 ലക്ഷം രൂപയാണ് വായ്പ.<br>ii). നോർക്കാ റൂട്ട്സിന്റെ പ്രവാസി പുനരധിവാസ പദ്ധതി പ്രകാരം പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് 20 ലക്ഷം രൂപ പരമാവധി വായ്പ |

നൽകുന്ന പദ്ധതിയിൽ പരമാവധി 3 ലക്ഷം രൂപ വരെ മൂലധന സബ്സിഡിയും വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷം 3% പലിശ സബ്സിഡിയും ലഭ്യമാകുന്ന റി-ടേൺ വായ്പാ പദ്ധതി.

iii). ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട 3 ലക്ഷം രൂപ വരെ കുടുംബവാർഷിക വരുമാനമുള്ള ഭവനരഹിതർക്ക് വേണ്ടി 7.5 മുതൽ 8 ശതമാനം വരെ പലിശ നിരക്കിൽ പരമാവധി 10 ലക്ഷം രൂപ വരെ ഭവന നിർമ്മാണ വായ്പയായി അനുവദിക്കുന്ന 'എന്റെ വീട്' എന്ന വായ്പാ പദ്ധതി.

(സി) പിന്നാക്ക സമുദായങ്ങൾക്കുള്ള വിവിധ ക്ഷേമപദ്ധതികൾ സമയബന്ധിതമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തിയി ട്ടുണ്ടോ ; ഇല്ലെങ്കിൽ ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കുമോ ?

(സി) ഭരണ വകുപ്പ് പദ്ധതികൾ കൃത്യമായ ഇടവേളകളിൽ മോണിറ്റർ ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ